(സി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ : തടസ്സങ്ങൾ മാറ്റി ഫ്ളൈ ഓവർ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) കൊരട്ടി ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ദേശീയപാത 47-ൽ ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനിൽ വെഹിക്കുലർ അണ്ടർപാസ് നിർമ്മിക്കുവാൻ 2008 മാർച്ചിൽ ഒറിജിനൽ എഗ്രിമെന്റിൽ മാറ്റംവരുത്തി തീരുമാനിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം പ്രവൃത്തി നടത്താൻ കഴിഞ്ഞില്ല.

(സി) ചാലക്കുടി കോർട്ട് ജംഗ്ഷനും ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനും തമ്മിലുള്ള ദൂരം 210 മീറ്റർ മാത്രമാണ്. ആയതിനാൽ കോർട്ട് റോഡ് ജംഗ്ഷനിലെ അണ്ടർപാസും അപ്രോച്ച് റോഡും പൂർത്തിയാവുമ്പോൾ സ്റ്റേഷൻ റോഡ് ജംഗ്ഷൻ പൂർണ്ണമായും അടയ്ക്കപ്പെടും. അതുകൊണ്ട് ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷന്റെ ഇരുവശത്തുനിന്നും വരുന്ന വാഹനങ്ങൾ ചാലക്കുടി ഫ്ളൈ ഓവർ വഴിയോ അല്ലെങ്കിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അണ്ടർപാസിലെത്താൻ നിലവിലുള്ള 5.5 മീറ്റർ സർവ്വീസ് റോഡിൽകൂടിയോ എത്തേണ്ടിവരും. ഇതിനെ ഒരു വിഭാഗം ജനങ്ങൾ എതിർക്കുകയുണ്ടായി. തദ്ദേശവാസികളുടെ എതിർപ്പിന് പരിഹാരമാകുന്ന മുറയ്ക്ക് ഇതിനുമേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

(ഡി) ഇല്ല.

ബാലുശ്ശേരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

294 (1328) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനുവേണ്ടി ബാലുശ്ശേരിയിലെ പഴവിൻമൂകളിൽ കണ്ടെത്തിയ സ്ഥലം സന്ദർശിച്ച സീനിയർ ആർക്കിടെക്ടിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്തിന്റെ 'ടോട്ടൽ സ്റ്റേഷൻ സർവ്വേ' വിവരങ്ങൾ കെട്ടിടത്തിന്റെ രൂപകൽപ്പനക്കായി ലഭിച്ചിട്ടുണ്ടോ ;

(ഡി) കെട്ടിടത്തിന്റെ കൺസെപ്ച്വൽ ഡിസൈൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ആർക്കിടെക്ട് നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ടിന് 21-2-2015-ൽ സമർപ്പിച്ചിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ നടത്തുന്നതാണ്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം രൂപകല്പന തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കമ്പംകോട്ട മുതൽ ഏനാത്ത് വരെ വാഹനാപകടമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

295 (1329) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട്ട മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ വാഹന അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം എത്രയാണ്;

(ബി) പ്രസ്തുത പ്രദേശം വാഹനാപകട മുക്തമാക്കുന്നതിന് കെ.എസ്.റ്റി.പി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) എത്ര തുക ഇതിനായി ചെലവഴിച്ചു ; ഇതിനായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട് മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ (സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ - ക്രാഷ് ഡാറ്റാ പ്രകാരം) വാഹനാപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം താഴെ പറയുന്നു :

LIBRARY ARCHIVES Kerala Legislative Assembly